**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** **17-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധത്തിനായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; ഇതിൽ എത്ര തുക ഓരോവർഷവും ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധത്തിനായി 2020-21 സാമ്പത്തിക വർഷം 198.1978 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 388.5613 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 9.5640 കോടി രൂപയും അനുവദിച്ചിരുന്നു.പ്രസ്തുത തുകകളിൽ നിന്നും 2020-21 സാമ്പത്തിക വർഷം 94.5295 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 268.3219 കോടി രൂപയും 2022-23 സാമ്പത്തിക വർഷം നാളിതുവരെ 72. 41 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ MLA ഫണ്ട് [നിയോജക മണ്ഡല ആസ്തി വികസന പദ്ധതി (LAC-ADS/ നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന നിധി(SDF)] മുഖേന 14 ജില്ലകളിലുമായി ആകെ 32.1070 കോടി രൂപയും കോവിഡ് പ്രതിരോധത്തിനായി ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ കുടുംബശ്രീ മുഖേനയുള്ള പ്രത്യേക ജീവനോപാധി പാക്കേജ് ഇനത്തിൽ 2019-20 സാമ്പത്തികവർഷം 25 കോടി രൂപയും 2020-21 സാമ്പത്തികവർഷം 50 കോടി രൂപയും 2021-22 സാമ്പത്തികവർഷം 40 കോടി രൂപയും അനുവദിക്കുകയുണ്ടായി. ഈയിനത്തിൽ 2019-20,2020-21,2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 13.1661 കോടി രൂപ,47.9050 കോടി രൂപ,39.5464 കോടി രൂപ എന്നിങ്ങനെ ചെലവഴിക്കുകയുണ്ടായി. ഒപ്പം 'മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി' എന്ന പലിശ രഹിത ലിങ്കേജ് വായ്പ പദ്ധതിക്ക് കീഴിൽ 2.05 ലക്ഷം അയൽക്കൂട്ടങ്ങൾക്കായി കുടുംബശ്രീ ലഭ്യമാക്കിയ 1917 കോടി രൂപയുടെ വായ്പയുടെ പലിശയിനത്തിൽ ഒന്നാം ഗഡുവായി 2020-21 സാമ്പത്തികവർഷം 165.04 കോടി രൂപ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുകയും 2021-22 സാമ്പത്തികവർഷം |

| | | | |
|---|---|---|---|
| | | | രണ്ടാം ഗഡുവായി അനുവദിച്ച 93 കോടി രൂപയിൽ 57 കോടി രൂപ കുടുംബശ്രീക്ക് വകയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ 2021-22 സാമ്പത്തികവർഷം ‘കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായുള്ള റിവോൾവിംഗ് ഫണ്ട്’ ഇനത്തിൽ 50 കോടിരൂപ കുടുംബശ്രീയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതും ടി തുക തൻവർഷം ചെലവഴിച്ചിട്ടുള്ളതുമാണ്.ഇതിന് പുറമേ 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭക്ഷ്യ പൊതുവിതരണ വകുപ്പും സംയുക്തമായി 1194 ജനകീയ ഹോട്ടലുകൾ നാളിതുവരെയായി ആരംഭിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിക്കായി 2020-21, 2021-22, 2022-23 എന്നീ സാമ്പത്തികവർഷങ്ങളിലായി യഥാക്രമം 23.64 കോടി രൂപ, 49.86 കോടി രൂപ,12.77 കോടി രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ